
അനുസ്മരണം

സദ്റുദ്ദീൻ വാഴക്കാട്

# എം.ടി അബ്ദുർറഹ്മാൻ മൗലവി
# വിനയാന്വിതനായ പണ്ഡിതൻ



**കക്ഷിത്വത്തെയും സംഘടനാ പക്ഷപാതിത്വത്തെയും പ്രോത്സാഹിപ്പിക്കാത്ത പണ്ഡിതനായിരുന്നു എം.ടി. അബ്ദുർറഹ്മാൻ മൗലവി. തന്റെ ആശയങ്ങളിൽ ഉറച്ചു നിൽക്കുമ്പോഴും മറു വീക്ഷണക്കാരോട് സൗമ്യമായി ഇടപെട്ടു. രൂക്ഷമായ വിമർശനങ്ങൾ ആർക്കെതിരെയും നടത്തിയില്ല.**

**അഗാധമായ** പാണ്ഡിത്യവും ആകർഷകമായ പ്രഭാഷണചാതുരിയും മികച്ച സംഘാടനാശേഷിയുമുള്ള അനുഗൃഹീതനായിരുന്നു വാഴക്കാട് എം.ടി അബ്ദുർറഹ്മാൻ മൗലവി. സ്വതന്ത്രമായ ചിന്തയും സംഘടനാ സങ്കുചിതത്വത്തിനതീതമായ നിലപാടുകളും കർമശാസ്ത്ര പ്രശ്നങ്ങൾ പ്രാമാണികമായി കുരുക്കഴിക്കാനുള്ള വൈദഗ്ധ്യവുമുണ്ടായിരുന്ന എം.ടി. കേരളത്തിലെ തലമുതിർന്ന ഇസ്‌ലാമിക പണ്ഡിതന്മാരുടെ അവസാനത്തെ കണ്ണികളിലൊരാളായിരുന്നു. 2009 ഏപ്രിൽ 25-ന് വൈകുന്നേരം അദ്ദേഹവും അല്ലാഹുവിലേക്ക് യാത്രയായി. അല്ലാഹു അദ്ദേഹത്തിന് സ്വർഗത്തിൽ ഇടം നൽകുമാറാകട്ടെ - ആമീൻ.

സമകാലികലോകത്തെക്കുറിച്ച് പഠിക്കുകയും പുതിയ അറിവുകൾ നേടാൻ ശ്രമിക്കുകയും ചെയ്ത് കാലത്തോടൊപ്പം സഞ്ചരിക്കാൻ കഴിഞ്ഞ പണ്ഡിതനായിരുന്നു എം.ടി. പ്രായാധിക്യത്തിലും വർത്തമാനകാല രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക-ശാസ്ത്ര-സാങ്കേതിക മേഖലകളെക്കുറിച്ച് അറിയാൻ ശ്രമിക്കുകയും അഭിപ്രായങ്ങൾ പറയുകയും ചെയ്തിരുന്നു. വൈദ്യശാസ്ത്രത്തിലെ പുതിയ പ്രവണതകളും പഠനവിഷയമാക്കിയിരുന്നു. ഖുർആൻ ലോകത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമാണെന്ന് പറയുക മാത്രമല്ല, ആശയങ്ങളെയും പ്രശ്നങ്ങളെയും ഖുർആന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യണമെന്നും അദ്ദേഹം നിരന്തരം ഉണർത്താറുണ്ടായിരുന്നു. അതിനദ്ദേഹം മാതൃകയും കാണിച്ചിട്ടുണ്ട്. മദ്ഹബീ കിതാബുകൾ അവലംബിച്ചുകൊ

ണ്ടുതന്നെ ഫിഖ്ഹിൽ അദ്ദേഹം പാണ്ഡിത്യം നേടി. ഇജ്തിഹാദിൽ മുൻപന്തിയിൽ നിന്ന എം.ടി. തഫ്സീറുകളെ അന്ധമായി അനുകരിക്കാതെ വിശുദ്ധ ഖുർആന്റെ ആശയ പ്രപഞ്ചത്തിലേക്ക് സ്വതന്ത്രമായി കടന്നു ചെല്ലാൻ ഇഷ്ടപ്പെട്ടു.

## കുടുംബം, പഠനം, ജോലി

ഇന്ത്യയിലെ ഇസ്‌ലാമികചരിത്രത്തെ ധന്യമാക്കിയ പണ്ഡിത ശ്രേഷ്ഠരായ പൊന്നാനിയിലെ മഖ്ദൂം കുടുംബത്തിലാണ് എം.ടിയുടെ വേരുകൾ. സൈനുദ്ദീൻ മഖ്ദൂമിന്റെ സന്താനപരമ്പരയിൽപെട്ട സൈനുദ്ദീൻ മുസ്‌ലിയാരുടെ മകൻ കുഞ്ഞഹമ്മദ് ഹാജിയുടെയും തോട്ടത്തിൽ ആഇശയുടെയും മകനായി 1918ലാണ് എം.ടി ജനിച്ചത്. പിതാമഹൻ സൈനുദ്ദീൻ മുസ്‌ലിയാർ തിരൂരങ്ങാടി ഖാദിയായിരുന്നു. അവിടെനിന്ന് കൊണ്ടോട്ടിയിലെത്തി ഖാദിയായി ചുമതലയേറ്റു. പിന്നീടദ്ദേഹം വാഴക്കാട് ഖാദിയായി. സൈനുദ്ദീൻ മുസ്‌ലിയാർ വാഴക്കാട്ട് സ്ഥിരതാമസമാക്കുകയും മകൻ കുഞ്ഞഹമ്മദ് തോട്ടത്തിൽ അഹ്‌മദ് ഹാജിയുടെ മകൾ ആഇശയെ വിവാഹം കഴിക്കുകയും ചെയ്തു. അങ്ങനെ മഖ്ദൂം കുടുംബ പരമ്പരയിൽ വാഴക്കാട് മുസ്‌ലിയാരകത്ത് തോട്ടത്തിൽ കുടുംബവും കണ്ണിചേർന്നു. പണ്ഡിതനായിരുന്ന കുഞ്ഞഹമ്മദ് ഹാജി പിതാവ് സൈനുദ്ദീൻ മുസ്‌ലിയാർക്കു ശേഷം വാഴക്കാട് വലിയ ജുമുഅത്ത് പള്ളിയിൽ ഖത്വീബും ഖാദിയുമായി. പാണ്ഡിത്യം ഉപജീവനമാക്കാതെ തുണിക്കച്ചവടമാണ് അദ്ദേഹം തൊഴിലായി സ്വീകരിച്ചത്.

മൂന്നാമത്തെ മകനായാണ് എം.ടി അബ്ദുർറഹ്‌മാൻ മൗലവി പിറന്നത്. വാഴക്കാട് കരുമരക്കാട് മാപ്പിള എൽ.പി സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. പിന്നീട് 'ദാറുൽ ഉലൂമിൽ' പഠിച്ചു. ദാറുൽ ഉലൂമിലെ ദർസിൽ ഖുതുബി മുഹമ്മദ് മുസ്‌ലിയാർ, കണ്ണിയത്ത് അഹ്‌മദ് മുസ്‌ലിയാർ തുടങ്ങിയവർ എം.ടിയുടെ ഉസ്താദുമാരായിരുന്നു. ജമാഅത്തെ ഇസ്‌ലാമി മുൻ കേരള അമീർ മർഹൂം കെ.സി അബ്ദുല്ല മൗലവി, അബുസ്സലാഹ് മൗലവി, കെ.സി അലവി മൗലവി, കൊടിയത്തൂർ ആലിക്കുട്ടി മൗലവി തുടങ്ങിയവർ ദാറുൽ ഉലൂമിൽ എം.ടിയുടെ സതീർഥ്യരായിരുന്നു. ദാറുൽ ഉലൂമിൽനിന്ന് എം.ടി വെല്ലൂർ ബാഖിയാത്തുസ്വാലിഹാത്തിൽ ഉപരിപഠനത്തിന് പോയത്, കെ.സി അബ്ദുല്ല മൗലവിയോടൊന്നിച്ചായിരുന്നു. പഠനം പൂർത്തിയാക്കി തിരിച്ചെത്തിയ അദ്ദേഹം ദാറുൽ ഉലൂമിൽ അധ്യാപകനായി. നാലുവർഷത്തിനുശേഷം ചങ്ങനാശ്ശേരി നൂറുൽഹുദാ അറബിക് കോളേജ് പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. വീണ്ടും വാഴക്കാട്ട് വന്ന് പള്ളിയുടെയും മദ്റസയുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് കോഴിക്കോട് ജെ.ഡി.റ്റിയിൽ അധ്യാപകനായി. കോഴിക്കോടിനടുത്ത് പാലത്ത് പള്ളിയിൽ ദീർഘകാലം ഖുത്വ്ബ നിർവഹിച്ചു.

എറണാകുളത്തെ എടവനക്കാട് ഇർഷാദായിരുന്നു പിന്നീട് എം.ടിയുടെ പ്രവർത്തനകേന്ദ്രം. ഏതാനും വർഷങ്ങൾ എടവനക്കാട്ടു നിന്ന ശേഷം കാസർകോഡ് ആലിയ അറബിക് കോളേജിൽ അധ്യാപകനായി. നാലുവർഷം അവിടെ പഠിപ്പിച്ചു. മുഹമ്മദ് ത്വാഹാമൗലവി, കെ.സി അബ്ദുല്ല മൗലവി, സി.കെ ഇസ്മാഈൽ മൗലവി തുടങ്ങിയവർ അന്ന് ആലിയയിൽ എം.ടിയുടെ സഹപ്രവർത്തകരായിരുന്നു. ആരോഗ്യപരമായ കാരണങ്ങളാൽ ആലിയയിൽനിന്ന് മടങ്ങിയെത്തിയ എം.ടി പിന്നീട് വാഴക്കാട് തന്നെയാണ് പ്രവർത്തന കേന്ദ്രമാക്കിയത്. ദാറുസ്സലാം മദ്റസയും പള്ളിയും സ്ഥാപിക്കുന്നതിലും വളർത്തുന്നതിലും നേതൃപരമായ പങ്കുവഹിച്ച എം.ടി വാഴക്കാട്ടെ ഇസ്‌ലാമിക പ്രവർത്തന രംഗത്ത് സജീവ സാന്നിധ്യമായിരുന്നു.

മർഹൂം ടി. സെയ്ത് മൗലവി, കെ.പി മുഹമ്മദ് മൗലവി, കെ.എൻ ഇബ്റാഹീം മൗലവി, ഒ.പി അബ്ദുസ്സലാം മൗലവി, അബ്ദുർറഹ്‌മാൻ തറുവായ്, ഡോ. മുഹ്‌യിദ്ദീൻ ആലുവായ്, എൻ.കെ അഹ്‌മദ് മൗലവി തുടങ്ങിയവരൊക്കെ എം.ടിയുടെ ശിഷ്യഗണങ്ങളിൽ പ്രമുഖരാണ്. കെ. മൊയ്തുമൗലവിയുമായി കുടുംബബന്ധവും എം.ടിക്കുണ്ട്. എം.ടിയുടെ സഹോദരി റുഖിയയെ ആയിരുന്നു കെ. മൊയ്തു മൗലവി ആദ്യം വിവാഹം ചെയ്തിരുന്നത്. മറ്റൊരു സഹോദരി കുഞ്ഞിപ്പാത്തുമ്മയെ വിവാഹം കഴിച്ചത് പ്രസിദ്ധ പണ്ഡിതനായിരുന്ന ഏഴിമല അഹമ്മദ് മുസ്‌ലിയാരാണ്. ഇ.എൻ മുഹമ്മദ് മൗലവി, ഇ.എൻ അബ്ദുല്ല മൗലവി, ഇ.എൻ ഇബ്റാഹിം മൗലവി തുടങ്ങിയവർ ഏഴിമല-കുഞ്ഞിപ്പാത്തുമ്മ ദമ്പതികളുടെ മക്കളാണ്.

എം.ടിയുടെ മൂത്തജ്യേഷ്ഠൻ മുഹമ്മദ് 1942-ൽ മരണപ്പെട്ടു. രണ്ടാമത്തെ ജ്യേഷ്ഠൻ പണ്ഡിതനും ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനും ഈ ലേഖകന്റെ വല്യുപ്പ(ഉമ്മയുടെ ഉപ്പ)യുമായ എം.ടി അഹ്‌മദ്കുട്ടി മൗലവി. ചേന്ദമംഗല്ലൂരിൽ താമസിക്കുന്ന എം.ടി അബ്ദുസ്സമദ് മൗലവി, അബ്ദുല്ല മൗലവി, ഫാത്തിമക്കുട്ടി(കൊടിയത്തൂർ), സ്വഫിയ്യ (കീഴ്പറമ്പ്), പരേതരായ എം.ടി അബ്ദുർറഹീം, എം.ടി അബ്ദുൽകരീം എന്നിവരാണ് മറ്റു സഹോദരങ്ങൾ. ജ്യേഷ്ഠൻ മുഹമ്മദ് മരണപ്പെട്ടതോടെ വിധവയായി തീർന്ന അദ്ദേഹത്തിന്റെ ഭാര്യ പറമ്പിൽ മറിയുമ്മയെയാണ് എം.ടി വിവാഹം കഴിച്ചത്. മക്കൾ: എം.ടി അബ്ദുർറഊഫ് ഇനായത്തുല്ല, എം.ടി അബ്ദുൽ ജലീൽ നസ്റുല്ല.

## എം.ടിയുടെ വ്യക്തിത്വം

പണ്ഡിതൻ, പ്രഭാഷകൻ, സംഘാടകൻ എന്നീ നിലകളിൽ പ്രാഗത്ഭ്യം തെളിയിച്ച എം.ടി നല്ലൊരു എഴുത്തുകാരൻ കൂടിയായിരുന്നു. കേരളത്തിലെ ഇസ്‌ലാമിക വിദ്യാഭ്യാസരംഗത്ത് മാറ്റത്തിന് വഴി തുറന്ന ചാലിലകത്തിന്റെ ദാറുൽ ഉലൂമായിരുന്നു എം.ടിയുടെ ഒന്നാമത്തെ കളരി. ദാറുൽ ഉലൂമിന്റെ അന്തരീക്ഷം എം.ടിയിൽ പുരോഗമന ചിന്തയുടെ വിത്തുകൾ പാകിയിരുന്നു. വെല്ലൂർ ബാഖിയാത്തിലെ ഉപരിപഠനം ഈ ചിന്തയെ ഊട്ടിയുറപ്പിക്കുകയും കേരളീയ മുസ്‌ലിം സമൂഹത്തിലെ പരിഷ്കരണ ധാരയോട് അടുപ്പിക്കുകയും ചെയ്തു. ബാഖിയാത്തിലെ ലൈബ്രറിയുടെ ചുമതലയുണ്ടായിരുന്നതിനാൽ ധാരാളം വായിക്കാൻ അവസരം കിട്ടി. പാണ്ഡിത്യം നേടാനും സ്വതന്ത്ര ചിന്ത വളർത്തിയെടുക്കാനും പുരോഗമനാശയങ്ങൾ മനസ്സിലാക്കാനും അത് അദ്ദേഹത്തിന് ഏറെ സഹായകമായിട്ടുണ്ട്. കെ.സി അബ്ദുല്ല മൗലവി ഉൾപ്പെടെയുള്ള സതീർഥ്യരുമായുള്ള ബന്ധവും വാഴക്കാട് ദാറുൽ ഉലൂമിലെ അധ്യാപന കാലത്തെ സഹപ്രവർത്തകരും എം.ടിയെ സ്വാധീനിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പടപൊരുതുകയും പുരോഗമനാശയങ്ങളുടെ വക്താവായി രംഗത്തു വരികയും ചെയ്തു. സലഫി ധാരയോടു അടുത്ത അദ്ദേഹം മുജാഹിദ് പ്രസ്ഥാനത്തിന്റെ കൂടെയാണ് പ്രവർത്തിച്ചിരുന്നത്.

കഴിവുറ്റ പ്രഭാഷകനായിരുന്നു എം.ടി. ശുദ്ധമായ മലയാള ഭാഷയിൽ കാവ്യാത്മകമായ ശൈലിയിലായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണം. വാഴക്കാട് ദാറുൽ ഉലൂമിൽ ആദ്യകാലത്ത് നടത്തിയ ഇരുപത് ദിവസം നീണ്ടുനിന്ന പ്രഭാഷണ പരമ്പരയും ആലുവ മണപ്പുറത്ത് മൂന്നുദിവസത്തെ പ്രഭാഷണമാരംഭിച്ച് ശ്രോതാക്കളുടെ നിർബന്ധം കാരണം പിന്നീടത് ദിവസങ്ങളോളം തുടരേണ്ടിവന്നതും അദ്ദേഹത്തിന്റെ പ്രഭാഷണ ചാതുരിയുടെ തെളിവായിരുന്നു. വാഴക്കാട് ദാറുസ്സലാം മസ്ജിദിൽ ദീർഘകാലം ഖത്വീബായിരുന്നു എം.ടി. പണ്ഡിതോചിതവും ആകർഷകവുമായ ആ ഖുത്വ്ബകൾ കേൾക്കാൻ അടുത്ത പ്രദേശങ്ങളിൽ നിന്നു പോലും ആളുകൾ വരാറുണ്ടായിരുന്നു. കക്ഷിത്വമോ, അന്ധമായ വിമർശനങ്ങളോ ഇല്ലാത്ത, ദാറുസ്സലാം മസ്ജിദിലെ എം.ടിയുടെ ഖുത്വ്ബകൾ സംഘടനാവൽക്കരിക്കപ്പെടാത്ത മിമ്പറുകളെക്കുറിച്ച സന്ദേശം കൂടി നൽകുന്നുണ്ട്.

കോഴിക്കോട് പാലത്ത് ജുമുഅത്തു പള്ളിയിൽ വ്യക്തികൾ തമ്മിലുള്ള വഴക്കുകാരണം പത്തൊമ്പതു വർഷത്തോളം ജുമുഅ തടസ്സപ്പെട്ടു കിടന്നിരുന്നു. എം.ടി പ്രശ്നത്തിൽ ഇടപെട്ടു. മഹല്ലു നിവാസികളുടെ യോഗം വിളിച്ചു. രണ്ടു മണിക്കൂറോളം അവരോട് പ്രസംഗിച്ചു. ചേരിതിരിഞ്ഞുനിന്ന ആളുകളുടെ മനസ്സുമാറി. എം.ടിയെത്തന്നെ ഖത്വീബായി നിശ്ചയിച്ചുകൊണ്ട് ജുമുഅ ആരംഭിക്കുകയും ചെയ്തു. ദീർഘകാലം എം.ടി അവിടെ ഖുത്വ്ബ നിർവഹിച്ചു. എം.ടിയിലെ സംഘാടകന്റെയും പ്രഭാഷകന്റെയും വിജയമായിരുന്നു അത്. എം.ടി ചങ്ങനാശ്ശേരിയിൽ ജോലി ചെയ്തിരുന്ന കാലത്താണ് തിരുവിതാംകൂർ യതീംഖാന സ്ഥാപിച്ചത്. 1966-ൽ എം.ടി മുൻകൈയെടുത്ത് വാഴക്കാട് ദാറുസ്സലാം മസ്ജിദ് സ്ഥാപിച്ചു.

പുരോഗമനാശയക്കാർക്ക് നല്ല സ്വാധീനമുണ്ടായിരുന്ന പ്രദേശമായിരുന്നു എറണാകുളം ജില്ലയിലെ എടവനക്കാട്. എം.ടിയുടെ സാന്നിധ്യം എടവനക്കാട് പ്രദേശത്തെ ഇസ്‌ലാമിക ചലനങ്ങൾക്ക്

സ്വീകരിച്ചിരുന്നില്ല. മുജാഹിദ് പിളർപ്പിന് ശേഷം ഹുസൈൻ മടവൂർ നേതൃത്വം നൽകുന്ന വിഭാഗത്തിന്റെ ജംഇയ്യത്തുൽ ഉലമായുടെ മുഖ്യഉപദേഷ്ടാവായി അദ്ദേഹം അവരോധിക്കപ്പെടുകയായിരുന്നു.

ഏതെങ്കിലും സലഫീ പണ്ഡിതനെയോ സലഫീ കിതാബുകളെയോ അന്ധമായി അനുകരിക്കാൻ എം.ടി സന്നദ്ധനായിരുന്നില്ല. സലഫീ സംഘടനകളുടെ കാഴ്ചപ്പാടുകൾക്കു മുഴുവനായും കീഴ്പ്പെട്ടു നിൽക്കാതെ സ്വതന്ത്രനായി ചിന്തിക്കുകയും നിലപാടുകളെടുക്കുകയും ചെയ്ത എം.ടി ഭിന്ന വീക്ഷണക്കാരെ അകറ്റി നിർത്തുകയോ ഇടുങ്ങിയ സംഘടനാ സങ്കുചിതത്വത്തിനടിപ്പെടുകയോ ചെയ്തില്ല.

## വിശാല വീക്ഷണം

കക്ഷിത്വത്തെയും സംഘടനാ പക്ഷപാതിത്വത്തെയും പ്രോത്സാഹിപ്പിക്കാത്ത പണ്ഡിതനായിരുന്നു എം.ടി. തന്റെ ആശയങ്ങളിൽ ഉറച്ചുനിൽക്കുമ്പോഴും മറു വീക്ഷണക്കാരോട് സൗമ്യമായി ഇടപെട്ടു. രൂക്ഷമായ വിമർശനങ്ങൾ ആർക്കെതിരെയും നടത്തിയില്ല. 1966-ൽ എം.ടിയും ചേകനൂർ അബുൽ ഹസൻ മൗലവിയും കെ.പി അഹ്മദ് മൗലവിയും ഒരു പക്ഷത്തും മർഹൂം ഇ.കെ അബൂബക്കർ മുസ്‌ലിയാർ, കണ്ണിയത്ത് അഹ്മദ് മുസ്‌ലിയാർ, ഇ.കെ ഹസൻ മുസ്‌ലിയാർ തുടങ്ങിയവർ മറുപക്ഷത്തുമായി ഒരു വാദപ്രതിവാദം വാഴക്കാട്ട് നടക്കുകയുണ്ടായി. എം.ടിയുടെ പാണ്ഡിത്യവും വാക്‌വൈഭവവും തെളിയിക്കുന്നതായിരുന്നു ആ വാദപ്രതിവാദം. എന്നാൽ പിന്നീടൊരിക്കലും ഏതെങ്കിലും വാദപ്രതിവാദ വേദിയിൽ എം.ടി പ്രത്യക്ഷപ്പെട്ടതായി അറിയില്ല. അന്ധവിശ്വാസങ്ങളെ എതിർത്തപ്പോഴും വാദപ്രതിവാദങ്ങളും ഖണ്ഡനപ്രസംഗങ്ങളും ഒരു 'സ്ഥിരം രീതി'യായി എം.ടി സ്വീകരിച്ചിരുന്നില്ല എന്നാണ് മനസിലാകുന്നത്.

ജമാഅത്തെ ഇസ്‌ലാമിയോട് എതിർപ്പോ ശത്രുതയോ പുലർത്താത്ത മുജാഹിദ് പണ്ഡിതന്മാരിലൊരാളായിരുന്നു എം.ടി അബ്ദുർറഹ്മാൻ മൗലവി. ജമാഅത്തെ ഇസ്‌ലാമിക്കെതിരെ അദ്ദേഹം പ്രസംഗിക്കുകയോ എഴുതുകയോ ചെയ്തിട്ടില്ല. ജമാഅത്ത് നേതാവായിരുന്ന വി.കെ ഇസ്സുദ്ദീൻ മൗലവി സ്ഥാപിച്ച, ധാരാളം ജമാഅത്ത് നേതാക്കൾ ജോലിചെയ്തിരുന്ന കാസർകോട് ആലിയ അറബിക് കോളേജിൽ 1961-'65 കാലത്ത് അദ്ദേഹം അധ്യാപകനായിരുന്നു. ജമാഅത്തെ ഇസ്‌ലാമിയും കേരള നദ്‌വത്തുൽ മുജാഹിദീനും രണ്ടു സംഘടനകളായി പ്രവർത്തിച്ചുകൊണ്ടിരിക്കെത്തന്നെയായിരുന്നു ഇത്. നാലു വർഷത്തെ അധ്യാപക ജീവിതത്തിനു ശേഷം ആരോഗ്യപരമായ കാരണങ്ങളാലായിരുന്നു ആലിയയോട് എം.ടി വിട പറഞ്ഞത്. ഈ ലേഖകൻ ആലിയയിൽ വിദ്യാർഥിയായിരുന്ന കാലത്ത് പ്രിൻസിപ്പൽ കെ.വി അബൂബക്കർ ഉമരി, ഉസ്താദ് സി.എൽ അബ്ദുൽഖാദിർ ഉമരി തുടങ്ങിയ അധ്യാപകരിൽനിന്ന് എം.ടിയുടെ ആലിയ ജീവിതത്തെക്കുറിച്ച് ധാരാളം കേട്ടിട്ടുണ്ട്.

കഴിവുറ്റ എഴുത്തുകാരനായിരുന്നു എം.ടി. മികച്ച ഭാഷയും അവതരണ ശൈലിയും വിഷയത്തിന്റെ ഗഹനതയും അദ്ദേഹത്തിന്റെ ലേഖനങ്ങളുടെ പ്രത്യേകതയാണ്. 1968-ൽ പ്രസിദ്ധീകരിച്ച ആലിയ അറബിക് കോളേജിന്റെ സോവനീറിൽ വിശുദ്ധ ഖുർആനെക്കുറിച്ച് എം.ടി എഴുതിയ ഒരു ലേഖനമുണ്ട്. അക്കാലത്തെ ഏറ്റവും ആകർഷകമായ മലയാള ശൈലിയിലാണ് ലേഖനം എഴുതിയിട്ടുള്ളത്. എടവനക്കാട്ട് ജോലിചെയ്തിരുന്ന കാലത്ത് മധ്യകേരളത്തിലെ പ്രസിദ്ധീകരണങ്ങളിൽ എം.ടി ധാരാളം ലേഖനങ്ങൾ എഴുതിയിരുന്നു. ഖുർആനും ശാസ്ത്രവുമായുള്ള ബന്ധമായിരുന്നു പ്രധാന വിഷയം. *അൽ ഫാറൂഖ്* മാസികയിലും ലേഖനങ്ങൾ എഴുതാറുണ്ടായിരുന്നു. എം.ടിയുടേതായി പ്രസിദ്ധീകരിക്കപ്പെട്ട ഏക ഗ്രന്ഥം - *ജുമുഅ ഖുത്‌ബ മദ്ഹബുകളിൽ* ആണ്. ജുമുഅ ഖുത്‌ബ മാതൃഭാഷയിൽ നിർവഹിക്കണം എന്ന് വിവിധ മദ്ഹബുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ നിരത്തി സമർഥിക്കുന്ന പ്രസ്തുത കൃതി ചെറുതെങ്കിലും പ്രൗഢമാണ്. 1976ലാണ് പുസ്തകം പുറത്തിറങ്ങിയത്. അറബി ഭാഷയിൽ ഒരു ഖുർആൻ വിശദീകരണ ഗ്രന്ഥം എം.ടി എഴുതിയിരുന്നതായി കേട്ടിട്ടുണ്ട്. എത്ര അധ്യായങ്ങൾ പൂർത്തീകരിച്ചിരുന്നുവെന്ന് അറിയില്ല. അതിന്റെ കൈയെഴുത്ത് കോപ്പി എവിടെ ഉണ്ടെന്നും അറിയില്ല. അറബി ഭാഷയിൽ മനോഹരമായ കവിതകൾ രചിക്കുമായിരുന്നു എം.ടി. അദ്ദേഹം എഴുതിയ കവിതകളുടെ ചില വരികൾ കാസർകോട് ആലിയയിലെ അധ്യാപകൻ സി.എൽ അബ്ദുൽഖാദിർ ഉസ്താദിന്റെ ഓർമകളിൽ ഇപ്പോഴുമുണ്ട്.

വാർധക്യ സഹജമായ വിവശത കാരണം വീട്ടിൽ വിശ്രമത്തിലായിരുന്നപ്പോഴും ശാരീരിക വിഷമങ്ങൾ അലട്ടിക്കൊണ്ടിരുന്നപ്പോഴും അദ്ദേഹം വായനയും പഠനവും നിർത്തിയിരുന്നില്ല. ഖുർആനും ഹദീസും ഫിഖ്ഹും മാത്രമല്ല ശാസ്ത്ര വിഷയങ്ങളും അദ്ദേഹം താൽപര്യപൂർവം പഠിച്ചുകൊണ്ടിരുന്നു. ഏറ്റവും പുതിയ വിഷയങ്ങളെക്കുറിച്ച് അന്വേഷണവും നടത്തിക്കൊണ്ടിരുന്നു.

കർമശാസ്ത്ര വിഷയങ്ങളിൽ അവഗാഹമുണ്ടായിരുന്ന എം.ടിയെ തേടി ധാരാളം പേർ സംശയനിവാരണത്തിന് എത്താറുണ്ടായിരുന്നു; പണ്ഡിതന്മാരും വിദ്യാർഥികളും അക്കൂട്ടത്തിലുണ്ടാകും.

ഞാൻ 'ഇസ്‌ലാമിലെ ത്വരീഖത്തും ത്വരീഖത്തിലെ ഇസ്‌ലാമും' എന്ന പുസ്തകം എഴുതിക്കൊണ്ടിരിക്കെ സംശയ നിവാരണത്തിനു വേണ്ടി എം.ടിയെ സമീപിച്ചിരുന്നു. വിലപ്പെട്ട ഉപദേശങ്ങളോടൊപ്പം അപൂർവമായ ഒന്നുരണ്ട് പുസ്തകങ്ങൾ തന്നു. ചില പുസ്തകങ്ങൾ വാഴക്കാട് ദാറുൽ ഉലൂം ലൈബ്രറിയിലുണ്ടെന്ന് പറഞ്ഞ് തരികയും ചെയ്തു. ദാറുൽ ഉലൂം ലൈബ്രറിയിൽ ചെന്ന് ആ പുസ്തകങ്ങൾ തെരഞ്ഞു. അവിടെ പലർക്കും അവയെക്കുറിച്ച് അറിയുമായിരുന്നില്ല. ലൈബ്രറി മുഴുവൻ തെരഞ്ഞപ്പോൾ ഒരു ഭാഗത്ത് പൊടിപിടിച്ചുകിടക്കുന്ന പഴകി ദ്രവിച്ച പുസ്തകങ്ങളിൽ നിന്നാണ് ആ പുസ്തകങ്ങൾ കിട്ടിയത്.

മരണവാർത്തയറിഞ്ഞ് വീട്ടിലെത്തി മയ്യിത്ത് കണ്ടപ്പോഴും ഖബറടക്കം കഴിഞ്ഞു പിരിഞ്ഞുപോരുമ്പോഴും മനസ്സിനെ അലട്ടിയ ചോദ്യമിതായിരുന്നു: മഹാനായ ഈ പണ്ഡിത ശ്രേഷ്ഠന്റെ വൈജ്ഞാനിക പാരമ്പര്യം ഏറ്റുവാങ്ങാൻ ഇനി ആരാണുള്ളത്? പണ്ഡിതന്മാരുടെ മരണത്തിലൂടെയാണ് അറിവ് ഇല്ലാതാവുന്നതെന്ന് പറയാറുണ്ട്. അതുതന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. പണ്ഡിതൻ എന്ന വിശേഷണത്തിന് യഥാർഥത്തിൽ അർഹരായ, വിഷയങ്ങളിൽ അവഗാഹമുള്ള പണ്ഡിതന്മാർ ഏറക്കുറെ മരിച്ചു തീർന്നിരിക്കുന്നു. ആ പരമ്പരയിൽ ശേഷിക്കുന്നവർ വിരലിലെണ്ണാൻ പോലും തികയില്ല. പുതിയ തലമുറയിൽ അവരുടെ വൈജ്ഞാനിക പിൻഗാമികളെ കണ്ടാനാവുന്നുമില്ല. ■